ഉത്തരം

(എ—സി) ഈ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നബാർഡ് ധനസഹായം ലഭ്യമാക്കി പാലം പണി എത്രയുംവേഗം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവോർത്ത് പാറതോട് പാലം

67 [3240] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയേയും അനങ്ങനടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന തിരുവോർത്ത് പാറതോടിന് കുറുകെ പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ പ്രവൃത്തിക്കായി ഏതെങ്കിലും ധനകാര്യ ഏജൻസിയിൽ നിന്നും സഹായം ലഭിക്കുമോ, എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 175 ലക്ഷം രൂപ.

(സി) നബാർഡ് ധനസഹായത്തോടെ ഈ പാലം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

68 [3241] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്കുള്ള റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് തടസ്സത്തിന് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) ഈ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ ക്കാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുണ്ടായ കാലതാമസം മൂലം അപ്രോച്ച് റോഡിന്റെ പണികൾ തടസ്സപ്പെട്ടിരുന്നു. സ്ഥലമെടുപ്പ് ജോലികൾ ഇപ്പോൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ പാലത്തിന്റെ റെയിൽവേ ഭാഗത്തിന്റെ നിർമ്മാണം റെയിൽവേ നേരിട്ടാണ് നടത്തുന്നത്.

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

69 [3242] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ടൗൺ, പള്ളിക്കര, കാഞ്ഞങ്ങാട്-പള്ളിക്കര എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അവ ഓരോന്നും എപ്പോൾ പൂർത്തിയാകു മെന്നും അറിയിക്കാമോ?

ഉത്തരം

പാലത്തിന്റെ പേര്	*പണികളുടെ ഇപ്പോഴത്തെ പുരോഗതി*
നീലേശ്വരം	അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായി വരുന്നു. റെയിൽവേ ഭാഗത്തിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. 7 മാസത്തിനകം പാലം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
പള്ളിക്കര	അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് പൂർത്തിയായി. അപ്രോച്ച് റോഡിന്റെയും മേൽപ്പാലത്തിന്റെയും എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. എസ്റ്റിമേറ്റിന് കേന്ദ്രാനുമതി ലഭ്യമാക്കി പാലം നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.
കാഞ്ഞങ്ങാട്—പള്ളിക്കര	അപ്രോച്ച് റോഡിന്റെ പണികൾ പൂർത്തിയായി വരുന്നു. റെയിൽവേ ഭാഗത്തിന്റെ പണികൾ റെയിൽവേയുടെ ചുമതലയിൽ ധൃതഗതിയിൽ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly